**Minor Research Project in Humanities**

**MRP (H)- 0533/12-13/KLMG008/UGC-SWRO**

# Malayalam Linguistics Texts: Translation and Critical Study of Selected Works of L.V Ramaswami Aiyer

**Dr. Saumya Baby**

**Asst.Professor**

**Dept. of Malayalam**

**F. No: MRP (H)- 0533/12-13/KLMG008/UGC-SWRO dated 29-March-2013**

## എൽ.വി. രാമസ്വാമി അയ്യരുടെ തെരഞ്ഞെടുക്കപ്പെട്ട രചനകളുടെ വിവർത്തനവും അപഗ്രഥനവും

മലയാളഭാഷാപഠനത്തെ അന്താരാഷ്ട്രമേഖലകളിലേക്ക് ഉയർത്തിയ ഭാഷാശാസ്ത്രജ്ഞനാണ് എൽ.വി രാമസ്വാമി അയ്യർ (1895–1948). എൽ.വി.ആർ എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഇദ്ദേഹം നവീനഭാഷാശാസ്ത്രത്തിന്റെ രീതിശാസ്ത്രം ഉപയോഗിച്ചു പരമ്പരാഗതവ്യാകരണത്തിന്റെ പരിമിതികളെ മറികടക്കുന്നു. ഭാഷാപഠനത്തെ ഭാഷയുടെ വ്യത്യസ്തതലങ്ങളിലേക്കു വികേന്ദ്രീകരിച്ചുകൊണ്ടാണ് എൽ.വി.ആർ ഇതു സാധിച്ചത്. പരമ്പരാഗതവ്യാകരണത്തിൽ അനുമാനപരമായ സാമാന്യവത്കരണത്തിനായിരുന്നു പ്രാധാന്യം. എൽ.വി.ആറിന്റെ രചനകൾ ശാസ്ത്രീയപഠനത്തിനു പ്രാധാന്യം കൊടുത്തു. ശാസ്ത്രീയപഠനത്തിൽ ഉപാദാനശേഖരണം, സൂക്ഷ്മവും ക്രമവുമായ പരിശോധന, പരികല്പനകളുടെ നിർമിതി, നിയമനിർദേശം എന്നിവ ഉൾപ്പെടുന്നു. ദത്തശേഖരണത്തിന്റെ മികച്ച മാതൃകകളാണ് എൽ.വി.ആർ പഠനങ്ങൾ. തെളിവുകൾ ശേഖരിച്ചു സിദ്ധാന്തരൂപീകരണം നടത്തുക എന്ന പൊതുസമീപനം എൽ.വി.ആർ രചനകളിൽ കാണാം.

നിലവാരഭാഷകൾ രൂപപ്പെടുന്നതോടെ ഭാഷ സ്വതന്ത്രമാകുന്നു എന്ന ഉൾക്കാഴ്ച എൽ.വി.ആറിനുണ്ടായിരുന്നു. ഇത്തരം ഭാഷാസൂത്രണപരമായ അവബോധം അദ്ദേഹം രൂപപ്പെടുത്തിയതു സമകാലികഭാഷാശാസ്ത്രബന്ധത്തിലൂടെയാണ്. ഇംഗ്ലീഷ്, ജർമൻ, ഫ്രഞ്ച് എന്നീ ഭാഷകളിലെ ഭാഷാശാസ്ത്രരചനകളുമായി അദ്ദേഹത്തിനുണ്ടായിട്ടുള്ള ബന്ധം കൃതികളിൽനിന്നു വ്യക്തമാണ്. മലയാളഭാഷാവിജ്ഞാനത്തിലും ദ്രാവിഡഭാഷാതാരതമ്യപഠനത്തിലും കാൽഡ്വൽ, ഗുണ്ടർട്ട് എന്നിവരുടെ നിരയിൽ നിർത്താവുന്ന എൽ.വി.ആറിന്റെ പഠനങ്ങൾ കേരളത്തിൽ വേണ്ടുവോളം തിരിച്ചറിഞ്ഞിട്ടില്ല. രചനകൾ ഇംഗ്ലീഷിലായതും പലതും എളുപ്പത്തിൽ ശേഖരിക്കാനാവാത്തതും പഠനത്തെ തടസ്സപ്പെടുത്തി. ഉള്ളടക്കത്തിന്റെ ശാസ്ത്രീയത, ബഹുഭാ

ഷാപരാമർശങ്ങൾ, നാനാഗ്രന്ഥസൂചനകൾ എന്നിവയെല്ലാം എൽ.വി.ആർ രചനകളെ സാധാരണക്കാർക്ക് ദുർഗ്രഹമാക്കി.

എൽ.വി.ആറിന്റെ മൂന്നു ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട് - 'എ ബ്രീഫ് അക്കൗണ്ട് ഓഫ് മലയാളം ഫൊണറ്റിക്സ്'(A Brief Account of Malayalam Phonetics-1925), 'ദി എവലൂഷൻ ഓഫ് മലയാളം മോർഫോളജി' (The Evolution of Malayalam Morphology-1936), 'ഗ്രാമർ ഇൻ ലീലാതിലകം' (Grammar in Lilathilakam-1944) എന്നിവ. 1993 ൽ കേരള സാഹിത്യഅക്കാദമി 'ദി എവലൂഷൻ ഓഫ് മലയാളം മോർഫോളജി' പുനഃപ്രസിദ്ധീകരിച്ചു. 'എ ബ്രീഫ് അക്കൗണ്ട് ഓഫ് മലയാളം ഫൊണറ്റിക്സ്', 'ഗ്രാമർ ഇൻ ലീലാതിലകം' എന്നീ പുസ്തകങ്ങളുടെ കോപ്പികൾ ലഭ്യമല്ലെങ്കിലും ഫോട്ടോപകർപ്പു സാഹിത്യഅക്കാദമിയിലെ സി.എൽ ആന്റണി ശേഖരത്തിലുണ്ട്. മലയാളവർണ്ണങ്ങളെക്കുറിച്ച് എൽ.വി.ആർ പ്രസിദ്ധീകരിച്ച ലേഖനപരമ്പരയായ 'എ പ്രൈമർ ഓഫ് മലയാളം ഫൊണോളജി' (A Primer of Malayalam Phonolgy) ടി.ബി വേണുഗോപാലപ്പണിക്കർ പുസ്തകരൂപത്തിലാക്കി. ഇതു കേരള സാഹിത്യഅക്കാദമി 2004 ൽ പ്രസിദ്ധീകരിച്ചു. എൽ.വി.ആറിന്റെ ലേഖനങ്ങളിൽ അധികപങ്കും പ്രസിദ്ധീകരിച്ചിരിക്കുന്നത് കേരളത്തിനു പുറത്തുള്ള ആനുകാലികങ്ങളിലാണ്. കേരളീയ ആനുകാലികങ്ങളായ മഹാരാജാസ് കോളജ് മാഗസിൻ, രാമവർമ്മ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ബുള്ളറ്റിൻ എന്നിവയിലും എൽ.വി.ആർ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. ഇന്റർനാഷണൽ ജേർണൽ ഓഫ് ദ്രവീഡിയൻ ലിംഗ്വിസ്റ്റിക്സിലും എൽ.വി.ആറിന്റെ ചില ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

'ആന്ത്രപ്പോസ്' (Anthropos), 'ജേർണൽ ഓഫ് ദ അമേരിക്കൻ ഓറിയന്റൽ സൊസൈറ്റി' (Journal of the American Oriental Society), 'ബുള്ളറ്റിൻ ഓഫ് ദ സ്കൂൾ ഓഫ് ഓറിയന്റൽ ആന്റ് ആഫ്രിക്കൻ സ്റ്റഡീസ്' (Bullettin of the School of Oriental and African Studies), 'ജേർണൽ ഓഫ് ഓറിയന്റൽ റിസർച്ച്' (Journal of Oriental Research) എന്നിവയാണ് എൽ.വി.ആർ ലേഖനങ്ങൾ പ്രസിദ്ധീകരിച്ച പ്രധാനപ്പെട്ട വിദേശ ആനുകാലികങ്ങൾ. പാറ്റ്നയിലെ 'ജേർണൽ ഓഫ് ബീഹാർ ആന്റ്

ഒറീസ്സാ റിസർച്ച് സൊസൈറ്റി' (Journal of Bihar and Orisa Research Society), കൽക്കട്ടയിലെ 'ഇൻഡ്യൻ ഹിസ്റ്റോറിക്കൽ ക്വാർട്ടേർലി' (Indian Historical Quarterly), 'ഇൻഡ്യൻ ആന്റികിറി' (Indian Antiquary), 'യൂണിവേഴ്സിറ്റി ജേർണൽ ഓഫ് ലെറ്റേഴ്സ്' (University Journal of Letters), ആന്ധ്രയിലെ 'ജേർണൽ ഓഫ് ഹിസ്റ്ററി സൊസൈറ്റി' (Jounal of History Society), മുംബൈയിലെ 'ന്യൂ ഇൻഡ്യൻ ആന്റിക്വ റി' (New Indian Antiquary), ബംഗ്ലൂരിലെ 'ക്വാർട്ടേർലി ജേർണൽ ഓഫ് ദ മിത്തിക് സൊസൈറ്റി' (Quarterly Journal of the Mythic Society), മദ്രാസിലെ 'എഡ്യുക്കേ ഷണൽ റിവ്യു' (Educational Review), 'ജേർണൽ ഓഫ് ഓറിയന്റൽ റിസർച്ച്', മദ്രാസ് (Journal of Oriental Research, Madras) എന്നീ ഇന്ത്യൻ ആനുകാലികങ്ങളിലും എൽ.വി.ആർ രചനകൾ പ്രസിദ്ധീകരിച്ചിരുന്നു.

ഭാഷാശാസ്ത്രസംബന്ധമായി എൽ.വി.ആർ എഴുതിയിട്ടുള്ള ലേഖനങ്ങളുടെ സംഖ്യ സംബന്ധിച്ചു പണ്ഡിതന്മാർ വ്യത്യസ്താഭിപ്രായക്കാരാണ്. ഭാഷയുടെ വ്യത്യ സ്തതലങ്ങളെക്കുറിച്ച് ഇരുനൂറോളം ലേഖനങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുള്ള തായി 'എൻസൈക്ലോപീഡിയ ഓഫ് ലാംഗ്വേജ് ആന്റ് ലിംഗ്വിസ്റ്റിക്സി'ൽ എഫ് ബ്രിട്ടോ അഭിപ്രായപ്പെടുന്നു. ഭാഷാശാസ്ത്രസംബന്ധിയായി എൽ.വി.ആർ 199 രചനകൾ പ്രസി ദ്ധീകരിച്ചിട്ടുള്ളതായി 'ദി എൻസൈക്ലോപീഡിയ ഓഫ് ലാംഗ്വേജ് ആന്റ് ലിംഗ്വിസ്റ്റി ക്സി'ന്റെ ഒന്നാം പതിപ്പിൽ (1994:3440) കാമാച്ചിനാഥൻ രേഖപ്പെടുത്തിയിരുന്നു. 'ജേർണൽ ഓഫ് അണ്ണാമലൈ യൂണിവേഴ്സിറ്റി' (1997:0960)യുടെ മുപ്പത്തൊമ്പതാം ലക്കത്തിൽ എൽ.വി.ആറിനെക്കുറിച്ച് ഒരു ലേഖനവും 198 ലേഖനങ്ങളുടെ സൂചിയും കാമാച്ചിനാഥൻ പ്രസിദ്ധീകരിച്ചു. ഈ പട്ടികയിൽ ചില ലേഖനങ്ങൾ ആവർത്തിച്ചു വരുന്നതായി കാണാം. രചയിതാവ് എൽ.വി.ആർ തന്നെയാണോ എന്നു സംശയമുള്ള ലേഖനങ്ങളെ സൂചിപ്പിക്കാൻ അവയ്ക്കുനേരെ ചോദ്യചിഹ്നം ചേർത്തിട്ടുണ്ട്. ഇതി നുപുറമെ 'ജേർണൽ ഓഫ് ദ്രവീഡിക് സ്റ്റഡീസി' (1998:3349)ൽ 23 വ്യത്യസ്ത പ്രസി ദ്ധീകരണങ്ങളിലായി വെളിച്ചംകണ്ട 188 ലേഖനങ്ങൾ പരാമർശിക്കുന്നുണ്ട്. എട്ടുലേ ഖനങ്ങൾ കണ്ടെത്തേണ്ടതായും (to be traced) അദ്ദേഹം സൂചിപ്പിക്കുന്നു. എ.ആർ

ഗോപാലപിള്ള 'പയനിയേഴ്സ് ഇൻ ലിംഗ്വിസ്റ്റിക് സീരിസ് ഒന്നി'(1978:62)ൽ എൽ.വി. ആറിന്റെ 120 ലേഖനങ്ങളുടെ പട്ടിക ചേർത്തിരിക്കുന്നു. എന്നാൽ ഇതിൽ പ്രസിദ്ധീകരണവിശദാംശങ്ങൾ കൃത്യമായി ചേർക്കാൻ കഴിയുന്നില്ല. സംശയം സൂചിപ്പിക്കാൻ ഇവിടെയും ചില ലേഖനങ്ങൾക്കുനേരെ ചോദ്യചിഹ്നം ചേർത്തിരിക്കുന്നു. 'മലയാളം ലാംഗ്വേജ് ആന്റ് ലിംഗ്വിസ്റ്റിക്സി'(2001:240)ൽ 41 ലേഖനങ്ങളുടെ സൂചിക നൽകുന്നുണ്ട്. എൽ.വി രാമസ്വാമി അയ്യരുടെ ലേഖനങ്ങളെക്കുറിച്ചു പഠിച്ച പ്രമുഖ ഭാഷാപണ്ഡിതനാണ് പ്രൊഫസർ സി.എൽ ആന്റണി. ഭാഷാപഠനങ്ങൾ (1989:72) എന്ന ഗ്രന്ഥത്തിൽ കാണുന്നതനുസരിച്ചു ദ്രാവിഡഭാഷാപഠനങ്ങളായി 63 ലേഖനങ്ങളും മലയാളഭാഷാവിജ്ഞാനീയമേഖലയിൽ 18 ലേഖനങ്ങളും എൽ.വി.ആർ രചിച്ചിട്ടുണ്ട്. അവയുടെ പേരോ പ്രസിദ്ധീകരണവിശദാംശമോ സി.എൽ ആന്റണി നൽകുന്നില്ല. ഗവേഷണപഠനത്തിന്റെ ഭാഗമായി വ്യത്യസ്ത ആനുകാലികങ്ങളിൽനിന്നു നൂറ്റിമുപ്പത്തിനാലു (134) ലേഖനങ്ങൾ ശേഖരിക്കാൻ ഗ്രന്ഥകർത്താവിന് സാധിച്ചു.

ശാസ്ത്രീയമായ അപഗ്രഥനം, വസ്തുനിഷ്ഠമായ നിരീക്ഷണം, പഠനവിധേയമാകുന്ന ഉപാത്തത്തിനുചേരുന്ന തരത്തിലുള്ള സിദ്ധാന്തരൂപീകരണം എന്നിങ്ങനെയുള്ള പഠനരീതികൾകൊണ്ടാണ് എൽ.വി രാമസ്വാമി അയ്യർ മികവുറ്റ ഭാഷാവിജ്ഞാനികളുടെ നിരയിൽ സ്ഥാനം നേടുന്നത്. അദ്ദേഹം മലയാളഭാഷാപഠനത്തിലെ പുതുയുഗത്തെ പ്രതിനിധാനം ചെയ്യുന്നു എന്നുവേണം പറയാൻ. മലയാളഭാഷാവിജ്ഞാനം, തമിഴുഭാഷാവിജ്ഞാനം, തമിഴുമലയാളബന്ധം, ദ്രാവിഡഭാഷാതാരതമ്യാത്മകവിജ്ഞാനം എന്നിങ്ങനെ വിപുലമായ പഠനമേഖലകളാണ് എൽ.വി.ആർ സൃഷ്ടിച്ചിരിക്കുന്നത്.

ഇത്ര വിശദമായ ഭാഷാശാസ്ത്രപഠനം നടത്തിയ എൽ.വി.ആറിനെ മലയാള അക്കാദമിക ലോകത്തിന് പരിചയപ്പെടുത്തുകയും തുടർപഠനങ്ങളുടെ മുൻകുറിക്ക് അരങ്ങൊരുക്കുകയുമാണ് ഒന്നാം അദ്ധ്യായത്തിന്റെ ലക്ഷ്യം. അതിനുവേണ്ടി എൽ.വി രാമസ്വാമി അയ്യരുടെ തെരഞ്ഞെടുക്കപ്പെട്ട കൃതികളുടെ സ്വതന്ത്രവിവർത്തനവും പഠനവും ഇവിടെ നിർവ്വഹിക്കുന്നു. അദ്ദേഹം ക്രോഡീകരിച്ച ഭാഷാചരിത്ര-വ്യാക

രണവസ്തുതകൾ പുനർവിവരണപഠനം നടത്തുകയും അതു മലയാളഭാഷാപരിണാമസിദ്ധാന്തത്തെ സാധൂകരിക്കുന്നത് എങ്ങനെയെന്നു പരിശോധിക്കുകയാണു മലയാളരൂപവിജ്ഞാനം എന്ന രണ്ടാം അദ്ധ്യായം.

നവീനഭാഷാശാസ്ത്രത്തിന്റെ പുതിയ മേഖലകൾ ഉൾക്കൊണ്ടായിരുന്നു എൽ.വി.ആറിന്റെ പഠനം. യൂറോപ്പിലും മറ്റും വികസിച്ചുവന്ന ആധുനികഭാഷാശാസ്ത്ര അറിവുകളെ ദ്രാവിഡഭാഷകളിൽ അവതരിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ആധുനിക രീതിശാസ്ത്രം ഉപയോഗിച്ച് ഭാഷയുടെ സ്വനം, സ്വനിമം, രൂപം എന്നീ തലങ്ങളിൽ പഠനം നടത്തി. എ ബ്രീഫ് അക്കൗണ്ട് ഓഫ് മലയാളം ഫൊണറ്റിക്സ് എന്ന ഗ്രന്ഥപഠനമാണ് മൂന്നാം അദ്ധ്യായം നിർവ്വഹിക്കുന്നത്. താരതമ്യാത്മക-ചരിത്രാത്മകപഠനങ്ങളിൽനിന്ന് ഏകകാലിക - ബഹുകാലികപഠനങ്ങളിലേക്കും, ഭാഷാഭേദപഠനങ്ങളിലേക്കും എൽ.വി.ആർ ഭാഷാഗവേഷണത്തെ നയിച്ചു. നാലാം അദ്ധ്യായമായ ഉപസംഹാരത്തിൽ ഈ ഗവേഷണത്തിൽനിന്നും വ്യക്തമായ വസ്തുതകളെ സംഗ്രഹിക്കുന്നു.

ആധുനികഭാഷാശാസ്ത്രം നൽകുന്ന അറിവിന്റെ പരിസരത്തിൽ എൽ.വി.ആറിന്റെ സ്വനസ്വനിമസിദ്ധാന്തങ്ങൾക്കു കാലികപ്രസക്തിയുണ്ടോ എന്ന അന്വേഷണം രണ്ടാം അദ്ധ്യായം നിർവഹിക്കുന്നു. അതിനുവേണ്ടി എൽ.വി.ആറിന്റെ സ്വനവിജ്ഞാനപഠനമായ എ ബ്രീഫ് അക്കൗണ്ട് ഓഫ് മലയാളം ഫൊണറ്റിക്സ് പരിശോധിക്കുന്നു. ഒന്നാം ഭാഗം സ്വരവ്യഞ്ജനപഠനമാണ്. സ്വരങ്ങളെ മുൻ, പിൻ, മിശ്രസ്വരം എന്നുതിരിച്ചു പഠിക്കുന്നു. അകാരത്തിന്റെ സ്വനഭേദം, ഇൻഡോ-ആര്യൻ ഭാഷകളിൽനിന്നു തികച്ചും വ്യത്യസ്തമായ സ്വനമൂല്യം, സംവൃതോകാരത്തിന്റെ സ്വനമൂല്യം, വ്യതിരിക്തത എന്നിവ ഇവിടെ വിഷയമാകുന്നു. വ്യഞ്ജനങ്ങളുടെ സ്വനസവിശേഷതകൾ എൽ.വി.ആർ കൃത്യമായി തിരിച്ചറിയുന്നുണ്ട്. മലയാളഭാഷയുടെ അർത്ഥവ്യാവർത്തനം മുപ്പത്തേഴുസ്വനിമങ്ങൾ നിർവഹിക്കും എന്ന ആശയം അവതരിപ്പിക്കുന്നു. കൂടാതെ സംവൃതോകാരത്തിന്റെ സ്വനിമപദവി അടയാളപ്പെടുത്തുകയും ദന്ത്യവർത്സ്യനകാരഭേദം കൃത്യമായി നിരീക്ഷിക്കുകയും ചെയ്തു.മലയാളഭാഷാശാ

സ്ത്രരംഗത്തു സവിശേഷപഠനം (specialization) എന്ന ആശയം അവതരിപ്പിക്കുകയും തന്റെ പഠനങ്ങളെ ഇത്തരത്തിൽ ക്രമീകരിക്കുകയും ചെയ്തുകൊണ്ടു ഭാഷാഗവേഷണത്തിൽ വഴിത്തിരിവു സൃഷ്ടിക്കാൻ എൽ.വി.ആറിനു കഴിഞ്ഞു. സ്വന, സ്വനിമ, രൂപതലത്തിലുള്ള ഭാഷാപഠനങ്ങളുടെ മുൻകുറിയായി എൽ.വി.ആർ രചനകളെ കാണാം.

മലയാള ഭാഷാശാസ്ത്രത്തിന്റെ ഗവേഷണ ചരിത്രത്തിൽ അർഹിക്കുന്ന ഇടം കിട്ടാതെ പോയ പണ്ഡിതനാണ് എൽ.വി.ആർ. ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടപ്പോഴും തന്റെ ഗവേഷണങ്ങളെ മലയാളികൾ അംഗീകരിക്കാതെ പോയതിലുള്ള നിരാശ എൽ.വി രാമസ്വാമി അയ്യർ പലപ്പോഴും സൂചിപ്പിച്ചിട്ടുണ്ട്. സാങ്കേതികസൗകര്യങ്ങൾ പരിമിതമായിരുന്ന കാലഘട്ടത്തിൽ പോലും തികച്ചും ശാസ്ത്രീയമായ തരത്തിൽ പഠനം നടത്തുകയും സിദ്ധാന്തങ്ങൾ രൂപീകരിക്കുകയും ചെയ്ത അദ്ദേഹത്തിന്റെ രചനകളെ നവഗവേഷകർ- അക്കാദമികലോകം അംഗീകരിക്കുകയും തിരിച്ചറിയുകയും ചെയ്യുന്നുണ്ട് എന്നത് ആശ്വാസകരമാണ്. എൽ.വി.ആറിന്റെ രചനകൾ മലയാളം, ഇംഗ്ലീഷ് ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്കും യു.ജി.സി പാഠ്യപദ്ധതികളിലും വിശദപഠനത്തിനായി ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വൈകിയാണെങ്കിലും കാലം അദ്ദേഹത്തെ തിരിച്ചറിഞ്ഞിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം.

നാലു അദ്ധ്യായങ്ങളിലായി ക്രമീകരിച്ചിരിക്കുന്ന ഈ പഠനത്തിൽനിന്നും കണ്ടെത്തിയ വസ്തുതകളെ ഇപ്രകാരം സംക്ഷേപിക്കാം.

ക. പുതിയ മലയാളത്തിൽ വിഭക്തികളുടെകൂടെ അനുപ്രയോഗങ്ങളായ 'പോക്കൽ', 'ഇത്,' 'ഉൾ', 'ൈ ക ാ ു', 'തൊട്ടു' എന്നിവ പ്രയോഗിക്കുന്നില്ല. 'ഉള്ളോവേ', 'ഉള്ളോയേ' എന്നീ പ്രത്യേകതകളും കാണുന്നില്ല.

ഖ. മണിപ്രവാളകാലഘട്ടത്തിൽനിന്നും തുടർന്നുവന്ന സംസ്കൃതീകൃത ഭാഷാരൂപങ്ങൾ, ചമ്പുകാലത്തുതന്നെ അപ്രത്യക്ഷമാവാൻ തുടങ്ങിയിരുന്നു. ഇതു പുതിയമലയാളത്തിൽ കാണുന്നില്ല.

ഗ. വിശേഷണവിശേഷ്യങ്ങൾക്കു വിഭക്തിപ്പൊരുത്തം എന്ന സംസ്കൃതഭാഷാപ്രത്യേകത പുതിയമലയാളത്തിൽ കാണുന്നില്ല (ഉണ്ണായിവാര്യരുടെ കൃതിയിൽ കാണുന്നു്).

ഘ. സംസ്കൃതരീതിയിലുള്ള വിഭക്തിപ്രയോഗങ്ങളുടെ അഭാവം.

ങ. 'വീട്ടിലേക്ക്','കീഴോട്ട്' തുടങ്ങിയ മാർഗ്ഗവിഭക്തികൾ കൃതികളിൽസ്ഥിരമായി. പഴയമലയാളത്തിൽ മാർഗവിഭക്തിയായി ഉപയോഗിച്ചിരുന്ന 'നോക്കി,' 'അമ്മാറു','ആയ്ക്കൊ്' എന്നിവ കാണുന്നില്ല.

ച. 'എങ്ങൾ' എന്നു ദേശഭേദങ്ങളിലൊഴികെ മറ്റൊരിടത്തും കാണുന്നില്ല.

ഛ. 'താം' എന്നുള്ളതുമാറി 'എങ്ങൾ', 'തങ്ങൾ', 'തന്റെ' മുതലായരൂപങ്ങൾ കൈവന്നു.

ജ. 'റ്റ' ഇടനിലചേർത്തുള്ള പ്രയോഗങ്ങളും, 'അവ,' 'ഇവ' എന്നും പുതിയ മലയാളത്തിൽ ഉപയോഗിച്ചു.

ഝ. ബഹുവചനക്കുറിയായി 'പലത്','ചിലത്' എന്നുപയോഗിക്കുന്നു.

## ക്രിയാരൂപം

ക. പല പഴയക്രിയാരൂപങ്ങളും ക്രമേണ അപ്രത്യക്ഷമായി

ഖ. 'അരുത്,' 'വൽ', 'ഉൾ' എന്നീ നിഷേധരൂപങ്ങൾ കാണുന്നു.

ഗ. പുരുഷഭേദപ്രത്യയങ്ങൾ അപ്രത്യക്ഷമായി.

ഘ. പഴയമലയാള പ്രത്യേകതയായ 'ഇൻ', 'ഉൻന്' കാണുന്നില്ല.

ങ. 'എഴുനിന്ന്' പ്രയോഗങ്ങൾ 'എഴുന്നേറ്റ്' എന്നുകാണുന്നു.

ച. ഭാവികാലപ്രത്യയമായി 'ഉം' പ്രയോഗിക്കുന്നു (ഞാൻ വരും)

ഛ. 'ഊ' അവധാരകഭാവിപ്രത്യയം ചില സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നില്ല.

ജ. വിധായകപ്രത്യയം മധ്യമപുരുഷനിൽ പ്രയോഗിക്കുന്നില്ല.

ഝ. 'ഏനേ' ചേർത്തുള്ള കാലപ്രത്യയം മലയാളത്തിൽ കാണാം.

ഞ. നിഷേധപേരെച്ചരൂപമായി 'വരാത' പോലുള്ളവ 'വരാത്ത' എന്ന രീതിയിൽ പുതുമലയാളത്തിൽ കാണുന്നു. പലതരത്തിലുള്ള നിഷേധരൂപങ്ങൾ അപ്രത്യ

ക്ഷമാവുകയും എന്നാൽ 'വരൊല്ലാ' എന്നുള്ളതിനുപകരമായി 'വരല്ലേ' എന്നരീതിയിൽ ആധുനികമലയാളത്തിൽ ഉപയോഗിക്കുകയും ചെയ്തു.

പൂർവമധ്യകാലതമിഴിൽനിന്നു മലയാളത്തിലേക്കുള്ള പരിണാമചരിത്രത്തിൽ രൂപപരമായി തുടർച്ച കാണുന്ന ഭാഷാപ്രത്യേകതകൾ ഇവയാണ് :

ക. 'ആൽ' 'കരണകാരകം', സംബന്ധികാപ്രത്യയം 'ന്റെ, ആധാരികാപ്രത്യയം 'ഇൽ', 'കൽ', തിര്യക്കുകൾക്കും അല്ലാത്തവയ്ക്കും ബഹുവചനപ്രത്യയമായി 'കൾ', ദ്വിബഹുവചന രൂപം 'മാർകൾ', അനുപ്രയോഗങ്ങൾ, താരതമ്യവാചി 'ഇൽ', 'കാട്ടിൽ' എന്നിവയുടെ സാധാരണയായ ഉപയോഗം.

ഖ. സർവ്വനാമം 'ഞങ്ങൾ', 'നിങ്ങൾ', 'എങ്ങൾ', 'അവർകൾ,' 'അവ' എന്നിവയുടെ ഉപയോഗം.

ഗ. 'പെടുക്ക്,' 'ഇരുത്ത്' തുടങ്ങിയ ക്രിയാധാതുക്കൾ, കാരിതപ്രത്യയങ്ങൾ, പുരുഷഭേദപ്രത്യയങ്ങൾ,ഹേതുമദ്കാരകം,അനുജ്ഞായകപ്രകാരം (ആനും, ഏനും, ഏലും) വിധായകപ്രകാരം,നടുവിനയെച്ചരൂപങ്ങളായ 'വാൻ', 'പ്പാൻ', വിവിധങ്ങളായ നിഷേധരൂപപ്രത്യയങ്ങൾ എന്നിവ മലയാളത്തിലും പൂർവമധ്യകാലതമിഴിലും കാണുന്നു.

സ്വന- സ്വനിമപഠനത്തിലൂടെ എൽ.വി.ആർ ആവിഷ്കരിച്ച ആശയങ്ങളെ ഇങ്ങനെ വിലയിരുത്താം.

'അ' കാരത്തിന്റെ സ്വനഭേദത്തെ വിവരിച്ച് ഇൻഡോ-ആര്യൻഭാഷകളിൽ നിന്നു തികച്ചും വ്യത്യസ്തമായ സ്വനമൂല്യം വഹിക്കുന്നതാണു മലയാളത്തിലെ 'അ' എന്നു വ്യക്തമാക്കി. മലയാളത്തിൽ അർദ്ധസംവൃതസ്വനമായാണ് 'അ' കാരത്തെ എൽ.വി. ആർ അടയാളപ്പെടുത്തുന്നത്. പദാദ്യത്തിലോ മധ്യത്തിലോ ബലത്തോടെ ഉച്ചരിക്കുന്ന സ്വനമാണിത്. പദാവസാനത്തിൽ പ്രത്യക്ഷപ്പെടുന്ന കൂടുതൽ സംവൃതമായ 'അ' കാരം അർദ്ധസംവൃത 'അ' കാരത്തിന്റെ ഉപസ്വനമാണ്. ഇതിന്റെ ഉച്ചാരണസ്ഥാനം മധ്യമാണ്. വളരെകുറുകിയ 'അ' കാരഉച്ചാരണത്തെക്കുറിച്ചും സ്വനമൂല്യത്തെക്കുറിച്ചും വിവരിക്കുന്നു്. 'കാട്', 'നാട്' എന്നിവയുടെ അവസാനത്തിൽ കാണുന്ന സംവൃതോ

കാരം അഥവാ 'അരയുകാര'ത്തിനു കൃത്യമായ സ്വനമൂല്യം നിർണയിച്ചത് എൽ.വി. ആറാണ്. സംവൃതോകാരത്തെ തികച്ചും വ്യതിരിക്തമായ സ്വനമെന്നും അർദ്ധവിവൃതമധ്യ സ്വരമെന്നും സൂചിപ്പിച്ചു. ആദ്യമായി ഈ സ്വരത്തിനു സ്വനമൂല്യം കണ്ടെത്തിയത് എൽ.വി.ആറാണ്.

പരമ്പരാഗത വൈയാകരണന്മാർ 'ച'വർഗത്തെ താലവ്യസ്പർശികളായിട്ടാണു പരിഗണിച്ചു വന്നിരുന്നത്. എൽ.വി.ആർ സ്പർശഘർഷിയായി സ്വനമൂല്യം രേഖപ്പെടുത്തി. 'യ'കാരത്തെ താലവ്യമായി പരിഗണിച്ചിരുന്ന കാലഘട്ടത്തിൽ എൽ.വി.ആർ വർത്സ്യസ്പർശഘർഷിയായി സ്വനമൂല്യം നിർണയിച്ചു. തുടർന്നുള്ള പഠനങ്ങളിൽ 'യ'കാരത്തിന്റെ താലവ്യതയായ തിരിച്ചറിയുന്നു. മൂർദ്ധന്യസ്വരങ്ങളിൽ ഉൾപ്പെടുത്തിയിരുന്ന 'ര'കാരത്തെ വർത്സ്യസ്വനമായി വിശദീകരിച്ചത് എൽ.വി.ആറാണ്.

'ല'- വർത്സ്യം എന്ന യഥാർത്ഥസ്വനമൂല്യം എൽ.വി.ആർ കണ്ടെത്തി. എ.ആർ സംസ്കൃതവൈയാകരണന്മാരുടെ പാത പിന്തുടർന്നു 'ല'കാരം ദന്ത്യമാണെന്നു കരുതി. 'ള'കാരം മൂർദ്ധന്യമെന്നു കൃത്യമായി വ്യവച്ഛേദിച്ചത് എൽ.വി.ആറാണ്. എ. ആർ 'ള'കാരം മൂർദ്ധന്യമെന്നു പറയുന്നുണ്ടെങ്കിലും വർത്സ്യമൂല്യവും കൽപിക്കുന്നു്. മലയാളത്തിലെ മുപ്പത്തേഴുസ്വനിമങ്ങൾ ഭാഷയിലെ വ്യാവർത്തകസ്വഭാവത്തെ അടയാളപ്പെടുത്തുന്നുവെന്നു കണ്ടെത്തി. മലയാളത്തിലെ സ്വനപ്രക്രിയാപരമായ മാറ്റങ്ങൾ മധ്യകാലതമിഴിനോടു ചായ്‌വുകാണിക്കുന്നുവെന്ന ആശയത്തിന് അടിസ്ഥാനമിട്ടു. ദന്ത്യവർത്സ്യനകാരഭേദം വളരെ വിപുലമായി ചർച്ചചെയ്യുന്നു. ശ്രുതിമാധുര്യത്തിനുവേി മാത്രമല്ല 'ന'കാരഭേദം ഉപയോഗിക്കുന്നതെന്ന് ഉദാഹരണസഹിതം വ്യക്തമാക്കി.

## ഗ്രന്ഥസൂചി


1. ആന്റണി, സി.എൽ, 1989, ഭാഷാപഠനങ്ങൾ, എസ്.പി. സി. എസ്, കോട്ടയം

2. ” 2001, കേരളപാണിനീയഭാഷ്യം, ഡി.സി.ബി, കോട്ടയം

3. ആൻഡ്രൂസ് കുട്ടി, ഏ.പി, 2004, ഭാഷാശാസ്ത്രം സിദ്ധാന്തവും പ്രയോഗവും മലയാളത്തിൽ, കെ. ഭാ. ഇ., തിരുവനന്തപുരം

4. കാൽഡ്വൽ, റോബർട്ട്, 1973, ദ്രാവിഡഭാഷാവ്യാകരണം (Vol.I), വിവ.എസ്.കെ നായർ, കെ. ഭാ. ഇ., തിരുവനന്തപുരം

5. ” 1974, ദ്രാവിഡഭാഷാവ്യാകരണം (Vol.II),വിവ. എസ്.കെ നായർ, കെ. ഭാ. ഇ., തിരുവനന്തപുരം

6. കാർത്തികേയൻ, ഷൊർണൂർ, 1996, മധ്യകാലകേരളഭാഷ, കെ.ഭാ.ഇ, തിരുവനന്തപുരം.

7. കുഞ്ചുണ്ണിരാജാ, കെ, 1962, ഭാഷാഗവേഷണം, മംഗളോദയം, തൃശൂർ

8. കുഞ്ഞൻപിള്ള, ഇളംകുളം, 1969, ലീലാതിലകം,എസ്.പി. സി.എസ്, കോട്ടയം

9. ” 1962, കേരളഭാഷയുടെ വികാസപരിണാമങ്ങൾ, എസ്.പി.സി.എസ്, കോട്ടയം

10. കുറ്റിക്കാട്, രവി, 2000, മഹാരാജാസിന് പ്രണയപൂർവം, മഹാരാജാസ് കോളജ് ഓൾഡ് സ്റ്റുഡന്റ് അസോസിയേഷൻ, കൊച്ചി

11. കൃഷ്ണപ്പിഷാരടി, ആറ്റൂർ, 1954, മലയാളഭാഷയുംസാഹിത്യവും, എസ്.പി.സി.എസ്, കോട്ടയം

12. കൃഷ്ണവാര്യർ, എൻ.വി, 1989, സംസ്കൃതവ്യാകരണത്തിനു കേരളപാണിനിയുടെ സംഭാവന, കെ. ഭാ.ഇ., തിരുവനന്തപുരം

12. ഗുണ്ടർട്ട്, ഹെർമ്മൻ, 1991, മലയാള ഭാഷാവ്യാകരണം, ഡി.സി.ബി, കോട്ടയം

13. ഗോദവർമ്മ, കെ, 1951, കേരളഭാഷാവിജ്ഞാനീയം, ജി. സി. പി, തിരുവനന്തപുരം

14. ഗോപിനാഥപിള്ള, എൻ.ആർ, 1970, ഭാഷാനിരീക്ഷണം, എസ്.പി.സി.എസ്, കോട്ടയം

15. ” 2001, പാഠവും പഠനവും, ഡി.സി.ബി, കോട്ടയം

16. ഗോവിന്ദപിള്ള, പി, 1960, മലയാള ഭാഷാചരിത്രം, എസ്.പി.സി.എസ്,കോട്ടയം

17. ജോർജ്, കെ.എം, 1989, കെ.എം ജോർജിന്റെ പ്രബന്ധങ്ങൾ, ഡി.സി ബി, കോട്ടയം

18. തോമസ്, പി.ജെ, 1989, മലയാളസാഹിത്യവും ക്രിസ്ത്യാനികളും, ഡി.സി.ബി, കോട്ടയം

19. നമ്പൂതിരി, ഇ.വി.എൻ, 2005, കേരളഭാഷാചരിത്രം, കറന്റ് ബുക്സ്, കോട്ടയം

20. പരമേശ്വരയ്യർ, ഉള്ളൂർ, എസ്, 1953, കേരളസാഹിത്യചരിത്രം(Vol.I) തിരുവിതാംകൂർ സർവകലാശാല, തിരുവനന്തപുരം

21. പ്രബോധചന്ദ്രൻ, വി.ആർ ,1998, സ്വനവിജ്ഞാനം, കേ. ഭാ. ഇ., തിരുവനന്ത പുരം

22. പ്രഭാകരവാര്യർ, കെ.എം, 1994, ആധുനിക ഭാഷാശാസ്ത്രം, കേ. ഭാ. ഇ., തിരുവ നന്തപുരം

23. ” 1976, ദ്രാവിഡഭാഷാശാസ്ത്രപഠനങ്ങൾ, അണ്ണാമലൈ യൂണിവേഴ്സിറ്റി, അണ്ണാമലൈനഗർ

25. മാത്തൻ, ജോർജ്, 2000, മലയാഴ്മയുടെ വ്യാകരണം, കേ. ഭാ. ഇ., തിരുവനന്ത പുരം

26. രാജരാജവർമ്മ, എ.ആർ, 1996, കേരളപാണിനീയം, ഡി.സി.ബി, കോട്ടയം

27. രാമചന്ദ്രൻ, ആർ, 2005, കവിത, ഡി.സി.ബി, കോട്ടയം

28. രാമചന്ദ്രൻ, പുതുശ്ശേരി, 1985, പ്രാചീനമലയാളംശാസനഭാഷാമാതൃകകൾ, എൻ.ബി.എസ്, കോട്ടയം

29. വാസുദേവഭട്ടതിരി, സി.വി, 1995, അഭിനവമലയാളവ്യാകരണം, ഡി.സി.ബി, കോട്ടയം

30. വേലായുധൻപിള്ള, പി.വി, 1966, മധ്യകാലമലയാളം, എസ്.ബി പ്രസ്, തിരുവന ന്തപുരം

31. വേണുഗോപാലപ്പണിക്കർ, 1997, ഭാഷാർത്ഥം, കേ. ഭാ. ഇ., തിരുവനന്തപുരം

32. ഷണ്മുഖം, എസ്.വി, 1995, ലീലാതിലകം സാമൂഹികഭാഷാ ശാസ്ത്രദൃഷ്ടിയിൽ, കേ. ഭാ. ഇ., തിരുവനന്തപുരം

33. സക്കറിയ, സ്കറിയാ, 1998, ഉദയംപേരൂർസുനഹദോസിന്റെ കാനോനകൾ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്, ഇടമറ്റം

34. സുകുമാരപിള്ള, കെ, 1980, കൈരളീശബ്ദാനുശാസനം, കേ. ഭാ. ഇ., തിരുവന ന്തപുരം

35. സുബ്രഹ്മണ്യം, വി.ഐ, 1976, ഭാഷയും പഠനവും, എൻ.ബി.എസ്, കോട്ടയം

36. Agesthialingom,S N.Rajasekharan Nair 1981 Dravidian Syntax, Dept.of Linguistics, Annamalai University.

37. Asher, R.E. (Ed.) 1994 The Encyclopaedia of Language and Linguistics, Vol.VII, Pergamon Press Ltd, Oxford, England.

38. Bloomfield, Leonard 1961 Language, George Allen , Unwin , London

39. Emeneau,M.B, T.Burrow 1961 A Dravidian Etymological Dictinory, Oxford University Press, Oxford.

40. Ezhuthachan, K.N. 1975 The History of the Grammatical Theories in Malayalam, D.L.A,Trivandrum

41. Gopinathan Nair, B 1989 Proceeding of The First International Seminar on DravidianLinguistics, I.S.D.L, Trivandrum

42. Sekhar, A.C 1951 Evolution of Malayalam,Deccan College, Poona

43. Shanmugam, S.V 1973 Dravidian Nouns, Annamalai University, Annamalai Nagar.

44. Subramoniam, V.I 1978 Pioneers in Linguistics - Series01, D .L.A, Trivandrum.

45. Wittegenstein, L 1967 Philosophical Investigation (Trans. Anscombe G.E.M) IInd Edn, Blackwell, Oxford